കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാഴൂർ ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)1699/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020
തിയ്യതി: 09/12/2019
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചാഴൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)1699/2019 തിയതി: 09/12/19

## തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.11.2019 മുതൽ 20.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരിഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2019 മുതൽ 20.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലിസി ടി.ജെ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി. വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ. സുനിൽകുമാർ കെ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി വിദ്യ ഒ.കെ, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. സുജാത അരവിന്ദാക്ഷൻ 01.04.2018 മുതൽ 03.04.2018 വരെ<br>വി.ആർ ബിജു<br>പ്രസിഡൻറ് (ഇൻചാർജ്) |

| | |
|---|---|
| | 03.04.2018 മുതൽ 03.05.2018 വരെ<br>ജ്യോതി കനകരാജ്<br>03.05.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. എം.എഫ്.ജോസ്<br>01.04.2018 മുതൽ16.03.2019 വരെ<br>സുനിത ടി വി, അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്)<br>17.03.2019 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് |
| കൃഷി ഓഫീസർ | ശ്രീമതി.മിനി ജോസഫ്<br>01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ധന്യ.ഇ<br>01.04.2018 മുതൽ 17.07.18 വരെ<br>സ്മിത കെ.ടി.,<br>18.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | ഡോ.സിജി.സി.ആർ<br>01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം,<br>കുറുമ്പിലാവ് | ഡോ.രവീന്ദ്രൻ.<br>01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം,<br>പുള്ള് | ഡോ.റോയ് ജോസഫ്<br>01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിജോ ജോസഫ്<br>01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാനാദ്ധ്യാപിക,<br>ജി.എൽ.പി.എസ് ആലപ്പാട്. | ജോസ്റ്റീന ടി എ,<br>01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, ചാഴൂർ,കുറുമ്പിലാവ് സർക്കിൾ | ജ്യോതി പി.പി ,<br>01.04.2018 മുതൽ 19.07.2018 വരെ<br>റഹീന പി.എ,<br>19.07.2018 മുതൽ 27.08.2018 വരെ |
| വി.ഇ.ഒ, ചാഴൂർ സർക്കിൾ ഇൻ ചാർജ്ജ്<br><br>വി.ഇ.ഒ., ഇഞ്ചമുടി സർക്കിൾ | ശ്രീമതി.ധന്യ എ.<br>1) 27.08.2018 മുതൽ 07.09.2018 വരെ<br><br>2) 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, ചാഴൂർ സർക്കിൾ | ശ്രീമതി ജിഷ.ആർ.എം.<br>07.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുലൈജ്ജ.എസ്.ബീഗം.<br>01.04.2018 മുതൽ 10.07.2018 വരെ<br>11.07.2018 മുതൽ 17.07.2018 വരെ (ഒഴിവ്)<br>ശ്രീമതി.ഗീത വി.<br>18.07.2018 മുതൽ 31.03.2019 വരെ |

| | |
|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സ്മൃതി വാസുദേവൻ<br>01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സുനിത.ടി.വി.<br>01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1 -11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല |
| 13 | 1-13 | താഴെപ്പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ല |
| 14 | 1-14 | കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 15 | 1-15 | പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല |
| 16 | 1-16 | രശീതി പരിശോധന അപാകതകൾ |
| 17 | 1-17 | ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല |
| 18 | 1-18 | കെട്ടിട നിർമ്മാണ ഫയലുകളിൽ സാങ്കേതിക വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല |
| 19 | 1-19 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം – ബിൽ തുകയേക്കാൾ 57000/- രൂപ അധികം |

| | | |
|---|---|---|
| | | നൽകിയത് നിരീകരിക്കുന്നു |
| 20 | 1-20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 21 | 1-21 | ജൂഡോ പരിശീലനം – അപാകതകൾ |
| 22 | 1-22 | തുല്യതാപഠനം |
| 23 | 1-23 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി |
| 24 | 1-24 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ 2017-18-ലെ പദ്ധതി 2018-19-ലും പൂർത്തീകരിച്ചിട്ടില്ല, ഉപകരണങ്ങൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല |
| 25 | 1-25 | കന്നുകുട്ടി പരിപാലനപദ്ധതി |
| 26 | 1-26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| 27 | 3-1 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം – ബിൽ തുകയേക്കാൾ 57000/- രൂപ അധികം നൽകിയത് നിരാകരിക്കുന്നു |
| ഭാഗം – 4 | | |
| 28 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 35 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 36 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 38 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 39 | അനുബന്ധം-2 | ഓഡിറ്റ് സംക്ഷിപ്തം |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

ബജറ്റ് 26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 169543874/-രൂപയും ചെലവ് 167935500/- രൂപയുമാണ്. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 198922567/- രൂപയും ചെലവ് 197080366/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 03.05.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6892512.25 |
| വരവ് | 85748940 |
| ആകെ | 92641452.25 |
| ചെലവ് | 81016343 |
| നീക്കിയിരിപ്പ് | 11625109.25 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16506639 | 16506639 | 16506639 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12562000 | 12562000 | 11721580 | 840420 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 73000 | 73000 | 0 | 73000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7167000 | 7167000 | 7167000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3414000 | 3414000 | 2411213 | 1002787 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7661000 | 7661000 | 7146395 | 514605 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 1823.65 | 73 | 1896.5 | 0 | 1896.5 |
| ദുരിതാശ്വാസനിധി | | 233945 | 23460 | 257405 | 114080 | 143325 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 23119936 | 23119936 | 23119936 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3251 | 534156 | 537407 | 522786 | 14621 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 320200322 ശുചിത്വ മിഷൻ | | 297231 | 1702166 | 1999397 | 437110 | 1562287 |
| TSC | | 398939 | 0 | 398939 | 0 | 398939 |
| ICDS | | 242203 | 1044881 | 1287084 | 600000 | 687084 |
| MP FUND | | 0 | | | | |
| PYCKA | | 15350 | 0 | 15350 | 0 | 15350 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| MLA Fund | | 0 | 467413 | 467413 | 467413 | 0 |
| Vimukthi | | 12500 | 25000 | 37500 | 25000 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 64951 | 750000 | 814951 | 650000 | 164951 |
| | ജില്ലാ | 1056865 | 4927208 | 5984073 | 2782821 | 3201252 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 40680 | 40680 | 0 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 28222200 | 28222200 | 28222200 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 9161300 | 9161300 | 9161300 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1665500 | 1665500 | 1665500 | 0 |
| വിധവ പെൻഷൻ | | 0 | 16597000 | 16597000 | 16597000 | 0 |
| വികലാംഗ പെൻഷൻ | | 0 | 4500000 | 4500000 | 4500000 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 240000 | 240000 | 240000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 1415180 | 1415180 | 1415180 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11861822 | 11861822 | 11162489 | 699333 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | കാനറ ബാങ്ക് | 5936852 | 13122101 | 19058953 | 12548646 | 6510307 |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് (തനത് ഫണ്ട് ) | 516039 | 460173 | 976212 | 7500 | 968712 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 0 | 15833614 | 15833614 | 14730766 | 699333 |
| | J V STSB | 0 | 6082630 | 6082630 | 3432821 | 2649809 |
| മറ്റിനം(ദുരിതാശ്വാസ നിധി ) | | 233945 | 23460 | 257405 | 114080 | 143325 |
| ഭവനനിധി | | 406072 | 64094 | 470166 | 379926 | 90240 |
| FD | | 50000 | 0 | 50000 | 0 | 50000 |
| e-payment | | 58880 | 5215274 | 5274154 | 5086440 | 187714 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 167 | 85598343 | 111 | 60203975 | 7 | 49 | 66.46 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3251 | 534156 | 537407 | 522786 | 14621 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23119936 | 23119936 | 23119936 | 0 |

# 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 40680 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 9161300 | 703 |
| വിധവാ പെൻഷൻ | 16597000 | 1343 |
| വാർദ്ധക്യകാല പെൻഷൻ | 28222200 | 2331 |
| വികലാംഗപെൻഷൻ | 4500000 | 355 |
| 50 വയസ്സിന് മേൽ പ്രായമുള്ള | 1665500 | 133 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019 തീയതിയിൽ 2.30 pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15824/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ബജറ്റിലെ വകയിരുത്തലുകൾക്കനുസരിച്ച് സാംഖ്യയിൽ നിയന്ത്രണമേർപ്പെടുത്താത്തതിനാൽ വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് യാന്ത്രികമായ ബജറ്ററി നിയന്ത്രണം നിലവിൽ ഇല്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. പദ്ധതികളുടെ പുരോഗതി, പൂർത്തിയാക്കിയ പദ്ധതികളുടെ അവലോകനം എന്നിവ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുന്നതായി കാണുന്നില്ല. മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2019 | 04/2019, 05/2019 | 27.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/2017 | 2005-06 – 2015-16 | 20.01.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. മാത്രമല്ല ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നീയിനങ്ങളിൽ സാംഖ്യയിൽത്തന്നെ ഡിമാന്റും കളക്ഷനും അഡ്വാൻസ് അഡ്ജസ്റ്റ്മെന്റും കഴിഞ്ഞ് ഒരു സ്വാഭാവിക ഗണിത ക്രിയയിൽ വരേണ്ട തുകയല്ല ബാലൻസ് ആയി ചേർത്തിട്ടുള്ളത് എന്നും കാണുന്നു.

2.1തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3003864 | 2826506 (വരുന്ന വർഷങ്ങളിലേക്കുള്ള കളക്ഷൻ-166584 ഉൾപ്പടെ) | 175438 | 5588 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3003864 | 2883004 | 423944 | *5596 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1549707 | 1502061 | 48383 | 3665 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1549707 | 1442827 | 48383 | * 3665 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 536928 | 537653 | 7661 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *495536 | 557838 | 7666 ** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........+.........=......../ 105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.........../105X100)=....... |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 141790 | 129465 | 16175 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 175057 | 110889 | 16178.09 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (.........+..........=......../ 105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (............/105X100)=.........., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 153275 | 28722 | 181997 | 143321 | 27517 | 170838 | 9326 | - | 288 | 388 | 676 |
| | നോൺ-റെസിഡൻഷ്യൽ | 78596 | 7410 | 86006 | 75622 | 6514 | 82136 | 2549 | | 812 | 184 | 996 |
| | ആകെ | | | 268003 | | | 252974 | 11875 | | 1100 | 572 | 1672 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 227679+33221 | | 260900 | | | | | | | | 1672 |
| | | .........+....... =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 254153 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 252974 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State

govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | -343054 |
| 280100104-Prior period income -Property tax on non- residential buildings | 33267 |

4.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4732597 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4225357 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

5. 31/3/2019ലെ ബാലൻസ്ഷീറ്റ് പ്രകാരം സിവേജ് ആന്റ് ഡ്രയിനേജ് എന്ന ആസ്തികൾക്ക് ആസ്തി പൂജ്യമായി വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2019ലെ Accumalated Depreciation -13528 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാകുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

6. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| A/c No. 268510007985 | | |
| Ch.887049 | 27-12-2014 | 885 |

7. "Directly credited by bank" എന്ന ഇനത്തിൽ 7578 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| വ്യക്തമല്ല | 7578 |
| A/c no.pscop-534-02 | |
| ആകെ | 7578 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനം നാളിതുവരെ കൈവരിച്ച ആസ്തികളുടെ മൂല്യവും തേയ്മാനവും രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല.

# 1-12 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല. ടി കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനും കൈവശം വെയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും സംബന്ധമായ ബൈലോ തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്.

# 1-13 താഴെപ്പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ -ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| കെട്ടിട നം. | കെട്ടിട ഉടമ |
|---|---|
| III/332 | ശങ്കർ ലബോറട്ടറി |
| X/255 | ബാപ്പു ക്ലിനിക്കൽ ലബോറട്ടറി |

ടി സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

# 1-14 കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള 21 കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത തൊഴിൽ നികുതി കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-15 പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല

കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്തിന്റെ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന 211/A നമ്പർ കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | തറ വിസ്തീർണം |
|---|---|---|
| 10/211A | സാന്ത്വനം ചാരിറ്റബിൾ സൊസൈറ്റി | 50.81 ച.മീ. |

മേൽസൂചിപ്പിച്ച തറവിസ്തീർണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

# 1-16 രശീതി പരിശോധന - അപാകതകൾ

1. 2018-19 സാമ്പത്തികവർഷത്തിൽ വിതരണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന രശീതിബുക്കുകളുടെ ഉപയോഗിക്കാത്ത രശീതികൾ റദ്ദുചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പറുകൾ |
|---|---|
| 29484 | 79 മുതൽ 100 വരെ |
| 29483 | 67 മുതൽ 100 വരെ |
| 29485 | 72 മുതൽ 100 വരെ |
| 29486 | 36 മുതൽ 100 വരെ |
| 29488 | 17 |
| 2425 | 33 മുതൽ 100 വരെ |
| 2427 | 17 മുതൽ 100 വരെ |

2. രശീതികൾ റദ്ദുചെയ്തതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പറുകൾ |
|---|---|
| 29483 | 61 മുതൽ 66 വരെ |
| 57379 | 86 മുതൽ 87 വരെ |

കൂടാതെ ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററിലും റദ്ദുചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. അതാത് ദിവസത്തെ ഔട്ട് ഡോർ കളക്ഷൻ തുക രജിസ്റ്ററിൽ ചേർത്തിട്ടുള്ളത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആധികാരികമാക്കുന്നില്ല.

4. ലൈബ്രറി രശീതികൾ ഉപയോഗിക്കുമ്പോൾ ഇരുവശം പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല. കൂടാതെ രശീതികളുടെ എണ്ണം സർട്ടിഫിക്കറ്റ് എഴുതുന്നില്ല.

# 1-17 ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട 39,540 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 കെട്ടിട നിർമ്മാണ ഫയലുകളിൽ സാങ്കേതിക വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് ഉൾപ്പടുത്തുന്നില്ല

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടന്റ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റ് അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പടുത്തേണ്ടതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ ഫയലുകൾ പരിശോധിച്ചതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് ഉൾപ്പട്ടുകാണുന്നില്ല. കൂടാതെ പെർമിറ്റ് അനുവദിക്കുന്ന പ്ലാനുകളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ടി രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കു. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ.

# 1-19 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം-ബിൽ തുകയേക്കാൾ 57000/-രൂപ അധികം നൽകിയത് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം |
| പ്രോജക്ട് നമ്പർ | 139/19 (സ്പിൽ ഓവർ) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| ഫണ്ട് വകയിരുത്തിയത് | വികസനം ജനറൽ(80000/-), തനത് ഫണ്ട്(20000/-), ജില്ലപഞ്ചായത്ത് വിഹിതം(205000), ആകെ - 305000 |
| ഫണ്ട് ചെലവഴിച്ചത് | വികസനം(80000/-), തനത് ഫണ്ട്(20000/-), ജില്ലപഞ്ചായത്ത് വിഹിതം(205000), ആകെ - 305000/- |
| ബിൽ/ചെക്ക് നമ്പർ | ബിൽ നമ്പർ- 2/18-19/29/9/18. Rs 80000/- |
| | ചെക്ക് നമ്പർ-9891040/23.3.19 RS 205000/- |
| | ചെക്ക് നമ്പർ-2469648/22.3.19 Rs 20000/- |
| 2017-18 വർഷത്തെ പ്രോജക്ട് നമ്പർ | 154/18 |
| ഫണ്ട് വകയിരുത്തിയത് | വികസനം ജനറൽ(80000/-), തനത് ഫണ്ട്(20000/-), ജില്ലപഞ്ചായത്ത് വിഹിതം(500000/-), ആകെ - 600000 |
| ഫണ്ട് ചെലവഴിച്ചത് | ജില്ലപഞ്ചായത്ത് വിഹിതം -295000/- |
| ചെക്ക് നമ്പർ | 1738680/28.3.18/295000/- |

2017-18 ആരംഭിച്ച ഈ പദ്ധതി തൻവർഷം സ്പിൽ ഓവർ പദ്ധതിയായി തുടരുകയായിരുന്നു. 2017-18ൽ 600000/- വകയിരുത്തി. ചെലവഴിച്ചത് 295000/- ബാക്കി 305000/- സ്പിൽ ഓവർ പദ്ധതിക്കായി വകയിരുത്തി ചെലവഴിച്ചു. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തെയാണ് വിതരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത് (2017-18 വർഷത്തെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല). ഇവരുടെ 27/3/18 ലെ ഇൻവോയിസ് നമ്പർ MKTG/TRD/0156/17-18 പ്രകാരം 5 Scooter with side wheel attachment (Hero Maestro Edge)110CC scootter 75000 രൂപ നിരക്കിൽ (including GST, INSURANCE, REGISTRATION AND SITE DELIVERY) ലഭ്യമാക്കിയിരുന്നു. 375000/-മാണ് പ്രസ്തുത ഇൻവോയിസ് പ്രകാരം (5x75000) നൽകേണ്ടിയിരുന്നത്. ഇതിൽ 295000/- രൂപ 2017-18ൽ നൽകിയിരുന്നു. ബാക്കി 305000/- രൂപ 2018-19ൽ വകയിരുത്തുകയും മേൽ ബിൽ പ്രകാരം നൽകാനുണ്ടായിരുന്ന 80000/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം നൽകുകയും ചെയ്തു. 18-19ൽ കെൽട്രോണിന്റെ 18/3/19ലെ ഇൻവോയിസ് നമ്പർ 5426/2018-19 പ്രകാരം 3 Scotter 110CC ലഭ്യമാക്കി. ബിൽ പ്രകാരം നൽകേണ്ടിയിരുന്ന തുക 168000/- (43750/Each +28% tax ie 43750x3=131250+36750 (28%

tax)=168000/-). എന്നാൽ മേൽ ചെക്കുകൾ പ്രകാരം 225000/- (205000+20000) രൂപ നൽകി. 57000/-രൂപ അധികം നൽകിയിരിക്കുന്നു. ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരം 168000/- രൂപ നൽകേണ്ടതുള്ളൂ. എന്നാൽ 225000/- രൂപ നൽകിയിട്ടുണ്ട്. 57000/-രൂപ അധികം നൽകുവാനുണ്ടായ സാഹചര്യംവ്യക്തമല്ല.

2.കെൽട്രോണുമായി 2017-18ൽ കരാറിൽ ഏർപ്പെട്ടിരുന്നോ, എത്ര തുകയ്ക്കു വാഹനം ലഭ്യമാക്കുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയത് എന്നീ വിവരങ്ങൾ പരിശോധിക്കുന്നതിന് 2017-18 വർഷത്തെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല.

3.2018-19ലെ ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന(CSW/P-63/2018-19 19/2/19) നിരക്ക് Cost of scooter with side wheel attached 80000/- (hero maestro 110cc external fuel filling) എന്നാണ്. ഇതിലെ terms and conditions 1 പ്രകാരം prices are inclusive of registration and five year insurance charges എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 14/3/19ൽ സപ്ലൈ ഓർഡർ നൽകി. 3 ഭിന്നശേഷിക്കാർക്ക് scooter with side wheel എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വില, ഇൻഷ്വറൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 8/3/19ൽ കെൽട്രോണുമായി ഏർപ്പെട്ട കരാറിലും വില, ഇൻഷ്വറൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഒരു വർഷ വാറന്റി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വ്യക്തമായ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയല്ല കരാർ ചമച്ചിട്ടുള്ളത്. 2017-18 ലും 2018-19ലും രണ്ട് നിരക്കിൽ സപ്ളൈ ചെയ്തു കാണുന്നു. മാത്രമല്ല 3 വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഇനത്തിൽ 15000/- രൂപ (3x5000) ചെക്ക് നമ്പർ 841071/30.3.19 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്.

4.പുഷ്പൻ കാരോത്ത് (വാർഡ് 1), മനോജ് അയ്യാനി (വാർഡ് 1), ഷാഹുൽഹമീദ്(വാർഡ് 18), ലിനിയ(വാർഡ് 18) , അശോകൻ ചരുവിൽ (വാർഡ് 18), ഗോപിനാഥന് കുരുവേലിൽ(വാർഡ് 18), അർജ്ജുൻ തൈവളപ്പിൽ(വാർഡ് 11), ഹരിദാസ് പൊരുമ്പുകാട്ടിൽ (വാർഡ്4) എന്നിവർക്കാണ് വാഹനം നൽകിയിട്ടുള്ളത്. ഇതിൽ അശോകൻ ചരുവിൽ, ഗോപിനാഥൻ കുരുവേലിൽ, ഹരിദാസ് പൊരുമ്പുകാട്ടിൽ എന്നിവർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ (14/8/17ലെ 3(6) പഞ്ചായത്ത് കമ്മറ്റി തീരുമാനം) ഉൾപ്പെട്ട് കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ്എൻക്വയറി (8/20.11.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലിനേക്കാൾ അധികരിച്ച് നൽകിയ 57000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രോജക്ട് നമ്പർ, പ്രോജക്ട് | ട്രഷറി ബിൽ നമ്പർ | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | ഐ.കെ.എം. വിഹിതം അടവാക്കൽ-1/19 | 1/18-19/30.5.18 | 92008 | ഐ.കെ.എം |
| 2 | സുശാന്തം -വയോജന ക്ഷേമ കേന്ദ്ര പ്രവർത്തനം -വിഹിതം 27/19 | 27/18-19/20.1.18 | 50000 | ജില്ല പഞ്ചായത്ത് |
| 3 | ശുചിത്വം മാലിന്യ സംസ്കരണം- ഹരിത സഹായ സ്ഥാപനങ്ങളുടെ നടത്തിപ്പ് തുക 124/19 | 27/18-19/12/12/18 | 340000 | സോഷ്യോ ഇക്കണോമിക്ക് ഫൗണ്ടേഷൻ |
| 4 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | ട്രഷറി ചെക്ക് നം. 4338996/10.1/19 | 200000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് |

| | | | | |
|---|---|---|---|---|
| | -ഫ്രണ്ട് ഓഫീസ് സീലിംഗ് അനുബന്ധ സൗകര്യങ്ങൾ, ഒന്നാം നിലയിലേക്ക് ഫർണീച്ചർ-188/19 | | | ട്രാവൻകൂർ ലിമിറ്റഡ് ആലുവ |
| 5 | ഓഫീസ് ഒന്നാം നില നെറ്റ് വർക്കിങ്ങ് -201/19 | കാനറ ബാങ്ക് ചെക്ക് നം. 841056/28.3.19 (ട്രഷറി ചലാൻ നം.KL/013670938/18-19) | 272000 | PWD Electronic Division - chembookavu, Thrissur |
| ആകെ | | | 954008 | |

വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു

# 1-21 ജൂഡോ പരിശീലനം - അപാകതകൾ

പ്രോജക്ട് - നിർഭയ കായിക പരിശീലനം (ജൂഡോ), 37/19

ഫണ്ട് -വികസനം

വകയിരുത്തിയത് - 50000/-

ചെലവ് -50000/-
നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നമ്പർ -9/18-19/24.1.19, 50000/-

മേൽ പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

1.മൈക്കിന്റെ വാടക 17/1/19, രവീന്ദ്ര സൗണ്ട് -1500/-

2.ജൂഡോ കോച്ചിങ്ങ് ഫീസ് -5000/-

3.ജഴ്സി (33nos) -22522

4.ഭക്ഷണം മറ്റുചിലവുകൾ -20978

13/1/19 മുതൽ 17/1/19 വരെയാണ് പരിശീലനം (5ദിവസം)

33 കുട്ടികൾ പരിശീലനം പൂർത്തിയാക്കിയതായി കാണുന്നു. ഫയലിൽ ലഭ്യമാക്കിയ ആധാർ രേഖകൾ പ്രകാരം താഴെപ്പറയുന്ന കുട്ടികൾ ഈ പഞ്ചായത്തിലെ താമസക്കാരല്ല.

1.കൃഷ്ണ സി.പി, എരഞ്ഞിപ്പാലം,കോഴിക്കോട് ജില്ല

2.അനഘ ഷൺമുഖൻ, പുത്തൻകുരിശി പി.ഒ ,എറണാകുളം

3.ശ്രുതി കെ, കയറാടി പി.ഒ, പാലക്കാട്

4. കൃഷ്ണപ്രിയ സി.ജെ, പള്ളിപ്പുറം, എറണാകുളം

5.വി.എസ് .ആദിത്യ, മറ്റൂര്, എറണാകുളം

6.നിഖിത പി, പടന്നക്കാട്, കാസർകോട്

7.ബിമ അൻസില അനാസാരി, ഏറ്റുമാനൂർ

8.നന്ദന കെ,തലക്കളത്തൂർ, കോഴിക്കോട് ജില്ല

9.അൽഫാ അന്നവിൽസൺ, നട്ടാളശ്ശേരി SH MOUNT, കോട്ടയം

10.അനീഷ അജിത് കുമാർ, കാഞ്ഞൂർ, എറണാകുളം

പഞ്ചായത്തിലെ താമസക്കാരല്ലാത്ത കുട്ടികൾ ഈ പദ്ധതിയിൽ പങ്കെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഈ പദ്ധതിയുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് ഫയലിൽ ലഭ്യമാക്കിയതു പ്രകാരം 3 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. ലക്ഷ്മി ശലേഷ് (വാർഡ്1), ജസ്ന റസാഖ്(വാർഡ്10), നസീമ പി.എ((വാർഡ്10)

ഇവർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 50,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി 7/19.11.2019 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-22 തുല്യതാപഠനം

തുല്യതാ പഠനം പദ്ധതി

പദ്ധതി നം: 30/19

അടങ്കൽ 20000

ചെലവ് 18440

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ, ആലപ്പാട്

ബിൽ നം 5/18-09, തിയതി 20.1.2018

സ്കൂൾ വിദ്യാഭ്യാസം സാധിക്കാതിരുന്ന മുതിർന്നവർക്ക് പഠനം പൂർത്തിയാക്കി എസ്.എസ്.എൽ.സി., ഹയർസെക്കന്ററി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കോഴ്സ് ഫീസ് ഈ പദ്ധതിയിലൂടെ താഴെ പറയും പ്രകാരം സാക്ഷരത മിഷന് നല്കിയിട്ടുണ്ട്.

| | വിഭാഗം | എണ്ണം | ഫീസ് |
|---|---|---|---|
| 1 | എസ് എസ് എൽ സി | 8 | 1750 |
| 2 | പ്ലസ് വൺ | 1 | 1950 |
| 3 | പ്ലസ് ടു | 4 | 2250 |

ടി പഠിതാക്കൾ പരീക്ഷകൾക്ക് ഹാജരാകുന്നതിനു വേണ്ട ഹാൾ ടിക്കറ്റുകൾ ലഭ്യമായിട്ടുണ്ട്. ഇവർ പരീക്ഷയെഴുതി കഴിഞ്ഞാൽ ആ വിവരങ്ങളടങ്ങുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 1-23 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

പദ്ധതി നം. 38/2019

അടങ്കൽ 700000

ചെലവ് 700000

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ആലപ്പാട്

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി ജില്ലാപഞ്ചായത്ത് വിഹിതം 185000 രൂപ മെഡിക്കൽ ഓഫീസർ, സി എച്ച് സി , ആലപ്പാട് ന് എ4-38/2019 തിയ്യതി 13.2.2019 പ്രകാരം അനുവദിച്ചിരുന്നു. ഇതിൽ 150000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ ഇതുവരെ 46000

രൂപയുള്ള മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ 2017-18 ലെ പദ്ധതി 2018-19ലും പൂർത്തീകരിച്ചിട്ടില്ല,ഉപകരണങ്ങൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല

പ്രോജക്ട് -140/19, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർ വൈസർ

അടങ്കൽ -586450/- (വികസന ഫണ്ട് -186450/-, ബ്ലോക്ക്പഞ്ചായത്ത്- 200000/-, ജില്ല പഞ്ചായത്ത് 200000/-)

ചെലവ് -ട്രഷറി ചെക്ക് നമ്പർ 2469663/27.3.19 ,തുക -200000/-( ജില്ല പഞ്ചായത്ത് വിഹിതം)

മേൽ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നമ്പർ 291/15.3.19 പ്രകാരം 384140/-, ഇൻവോയിസ് നമ്പർ 292/15.3.19 പ്രകാരം 127993/- രൂപയുടെയും (ആകെ 512133/-) ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്ത്, വിതരണം നടത്താത്ത ഉപകരണങ്ങളുടെ പേര്, എണ്ണം, തുക എന്നിവയൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തയിട്ടില്ല. വിതരണം നടത്തിയവയുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇൻവോയിസ് പ്രകാരം ലഭിച്ചതും വിതരണം നടത്താതെ ശേഷിക്കുന്നതുമായ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ പേര് | എണ്ണം | നിരക്ക് (wth tax) | ആകെ തുക |
|---|---|---|---|---|
| 1 | Air Bed | 1 | 8008 | 8008 |
| 2 | Elbow Crutches Deluxe | 1 | 703.50 | 703.50 |
| 3 | Folding Walker Deluxe | 1 | 1758.75 | 1758.75 |
| 4 | BTE Channel Free programmeable hearing aid for moderate to profound | 9 | 8690 | 78210 |
| 5 | ACCOMODATIVE FOOT WEAR | 1 | 1394 | 1394 |
| 6 | COMMOD CHAIR WITH WHEEL | 1 | 5642.70 | 5642.70 |
| 7 | CHROMPLATED WHEEL CHAIR | 1 | 7828.8 | 7828.8 |
| | ആകെ | | | 103545.75 |

ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള (2/17.11.19) മറുപടിയിൽ പലവിധ കാരണങ്ങളാൽ (ഗുണഭോക്താവ് താമസം മാറിപ്പോയി, മരണപ്പെട്ടു, അനുയോജ്യമല്ല, നിലവിൽ ആവശ്യമില്ല എന്നിങ്ങനെ) വിതരണം നടത്താൻ സാധിച്ചില്ലയെന്നും, 2019-20 പദ്ധതിയുടെ ഭാഗമായി ക്യാമ്പ് നടത്തി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഡോക്ടറുടെ നിർദ്ദേശപ്രകാരവും ഭരണസമിതി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ നല്കുന്നതും അല്ലാത്തപക്ഷം സ്ഥാപനത്തിന് തിരികെ നല്കി ആയതിന്റെ വില തിരിച്ചു വാങ്ങുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വിതരണം നടത്തുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 103545.75 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

512133/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയെങ്കിലും 200000/- രൂപയെ തൻവർഷം നൽകിയിട്ടുള്ളൂ. 2017-18 ആരംഭിച്ച ഈ പദ്ധതി തൻവർഷം സ്പിൽ ഓവർ പദ്ധതിയായി തുടരുകയായിരുന്നു. തൻവർഷം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള

മറുപടിയിൽ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ബിൽ മാറിനൽകാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തുക പിന്നീട് നൽകിയത് എപ്രകാരം എന്നത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല തുക നൽകിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-25 കന്നുകുട്ടി പരിപാലനപദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതി
പ്രോജക്ട്നമ്പർ-S039/19
നിർവ്വഹണം – വെറ്ററിനറി സർജൻ
അടങ്കൽ 450000
ചെലവ് 450000
ട്രഷറിബിൽ നം-5/2018-19/24-12-2018/225000/-

18 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 225000/- രൂപ എസ്.എൽ.ബി.പി.ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. തീറ്റവിതരണം നടത്തുന്ന പാൽ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം സീമന്തിനി, തൈവളപ്പിൽ, കുറുമ്പിലാവ്, ഷീന, പോട്ടയിൽ ഹൗസ്, എന്നീ ഗുണഭോക്താക്കൾ രണ്ട് മാസമായി തീറ്റ വാങ്ങിയിട്ടില്ല. ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട്നമ്പർ-S054/19
അടങ്കൽ 250000

ചെലവ് 250000

ട്രഷറിബിൽ നം-4/2018-19/24-12-2018/125000/-

10 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 125000/- രൂപ എസ്.എൽ.ബി.പി.ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. തീറ്റവിതരണം നടത്തുന്ന പാൽ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം മല്ലിക, കര്യാടൻ ഹൗസ്, കോലോത്തുംകടവ്, മണി, ചെമ്പാപ്പുള്ളി ഹൗസ്, ഇഞ്ചമുടി എന്നീ ഗുണഭോക്താക്കൾ 2019 മാർച്ച് മാസം മുതൽ തീറ്റ വാങ്ങിയിട്ടില്ല. ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

# 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2018-19 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 2018-19 വർഷത്തെ മൊത്തം അടങ്കൽ | 98385083 |
| 2018-19 വർഷത്തെ ആകെ വരവ് | 24669506 |
| 2018-19 വർഷത്തെ ആകെ ചെലവ് | 24665398 |
| 2018-19 വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 4108 |
| 2018-19 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 340 |

| | |
|---|---|
| 2018-19 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 227 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4387 |
| 2018-19 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 76717 |
| പട്ടികജാതി | 29106 |
| പട്ടികവർഗ്ഗം | 0 |
| മറ്റുള്ളവർ | 47611 |
| സ്ത്രീകൾ | 69539 |
| പുരുഷൻമാർ | 7178 |
| ആകെ | 76717 |
| 2018-19 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1284 |
| 2018-19 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 388 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടില്ല. |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ വിതരണം ചെയ്ത വേതനം | 21140425 |
| 2018-19 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിവരം | പദ്ധതി അടങ്കൽ, ചെലവ്, സാധന ഘടകം, വേതന ഘടകം എന്നിവ പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ് |
| | അടങ്കൽ – 4673250<br>വേതനം – 1282189<br>സാധനഘടകം – 2743104.26<br>ആകെ – 4025293.26 |

പദ്ധതികൾ സംബന്ധിച്ച വിവരം

| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ | ചെലവഴിച്ച |
|---|---|---|

| | പദ്ധതികളുടെ എണ്ണം | തുക |
|---|---|---|
| മണ്ണ്, ജല സംരക്ഷണം | 0 | 0 |
| വരൾച്ച തടയൽ, വനവത്കരണം | 2 | 61200 |
| ചെറുകിട ജലസേചനം | 0 | 0 |
| പട്ടിക ജാതി, പട്ടികവർഗ്ഗം തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 0 | 0 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 33 | 4659937 |
| ഭൂവികസനം | 69 | 12451281 |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| മറ്റുള്ളവ | 236 | 6970194 |
| ആകെ | 340 | 24142612 |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം-ബിൽ തുകയേക്കാൾ 57000/-രൂപ അധികം നൽകിയത് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം |
| പ്രോജക്ട് നമ്പർ | 139/19 (സ്പിൽ ഓവർ) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| ഫണ്ട് വകയിരുത്തിയത് | വികസനം ജനറൽ(80000/-), തനത് ഫണ്ട്(20000/-), ജില്ല പഞ്ചായത്ത് വിഹിതം(205000), ആകെ - 305000 |
| ഫണ്ട് ചെലവഴിച്ചത് | വികസനം(80000/-), തനത് ഫണ്ട്(20000/-), ജില്ലപഞ്ചായത്ത് വിഹിതം(205000), ആകെ - 305000/- |

| | |
|---|---|
| ബിൽ/ചെക്ക് നമ്പർ | ബിൽ നമ്പർ- 2/18-19/29/9/18. Rs. 80000/- |
| | ചെക്ക് നമ്പർ-9891040/23.3.19 RS 205000/- |
| | ചെക്ക് നമ്പർ-2469648/22.3.19 Rs 20000/- |
| 2017-18 വർഷത്തെ പ്രോജക്ട് നമ്പർ | 154/18 |
| ഫണ്ട് വകയിരുത്തിയത് | വികസനം ജനറൽ(80000/-), തനത് ഫണ്ട്(20000/-), ജില്ലപഞ്ചായത്ത് വിഹിതം(500000/-), ആകെ - 600000 |
| ഫണ്ട് ചെലവഴിച്ചത് | ജില്ലപഞ്ചായത്ത് വിഹിതം -295000/- |
| ചെക്ക് നമ്പർ | 1738680/28.3.18/295000/- |

2017-18 ആരംഭിച്ച ഈ പദ്ധതി തൻവർഷം സ്പിൽ ഓവർ പദ്ധതിയായി തുടരുകയായിരുന്നു. 2017-18ൽ 600000/- വകയിരുത്തി. ചെലവഴിച്ചത് 295000/- ബാക്കി 305000/- സ്പിൽ ഓവർ പദ്ധതിക്കായി വകയിരുത്തി ചെലവഴിച്ചു. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തെയാണ് വിതരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത് (2017-18 വർഷത്തെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല). ഇവരുടെ 27/3/18 ലെ ഇൻവോയിസ് നമ്പർ MKTG/TRD/0156/17-18 പ്രകാരം 5 Scooter with side wheel attachment (Hero Maestro Edge)110CC scootter 75000 രൂപ നിരക്കിൽ (including GST, INSURANCE, REGISTRATION AND SITE DELIVERY) ലഭ്യമാക്കിയിരുന്നു. 375000/- പ്രസ്തുത ഇൻവോയിസ് പ്രകാരം (5x75000) നൽകേണ്ടിയിരുന്നത്. ഇതിൽ 295000/- രൂപ 2017-18ൽ നൽകിയിരുന്നു. ബാക്കി 305000/- രൂപ 2018-19 ൽ വകയിരുത്തുകയും മേൽ ബിൽ പ്രകാരം നൽകാനുണ്ടായിരുന്ന 80000/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം നൽകുകയും ചെയ്തു. 18-19ൽ കെൽട്രോണിന്റെ 18/3/19ലെ ഇൻവോയിസ് നമ്പർ 5426/2018-19 പ്രകാരം 3 Scotter 110CC ലഭ്യമാക്കി. ബിൽ പ്രകാരം നൽകേണ്ടിയിരുന്ന തുക 168000/- (43750/Each +28% tax ie 43750x3=131250+36750 (28% tax)=168000/-). എന്നാൽ മേൽ ചെക്കുകൾ പ്രകാരം 225000/-(205000+20000) രൂപ നൽകി. 57000/- രൂപ അധികം നൽകിയിരിക്കുന്നു. ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരം 168000/- രൂപ നൽകേണ്ടതുള്ളൂ. എന്നാൽ 225000/- രൂപ നൽകിയിട്ടുണ്ട്. 57000/-രൂപ അധികം നൽകുവാനുണ്ടായ സാഹചര്യംവ്യക്തമല്ല.
2.കെൽട്രോണുമായി 2017-18ൽ കരാറിൽ ഏർപ്പെട്ടിരുന്നോ, എത്ര തുകയ്ക്കു വാഹനം ലഭ്യമാക്കുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയത് എന്നീ വിവരങ്ങൾ പരിശോധിക്കുന്നതിന് 2017-18 വർഷത്തെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല.
3. 2018-19ലെ ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പ്രകാരം കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന (CSW/P-63/2018-19 19/2/19) നിരക്ക് Cost of scooter with side wheel attached 80000/- (hero maestro 110cc external fuel filling)എന്നാണ്. ഇതിലെ terms and conditions 1 പ്രകാരം prices are inclusive of registration and five year insurance charges എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 14/3/19ൽ സപ്ലൈ ഓർഡർ നൽകി. 3 ഭിന്നശേഷിക്കാർക്ക് scooter with side wheel എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വില, ഇൻഷുറൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 8/3/19ൽ കെൽട്രോണുമായി ഏർപ്പെട്ട കരാറിലും വില, ഇൻഷുറൻസ് ,രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഒരു വർഷ വാറന്റി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വ്യക്തമായ കരാർ വ്യവസ്ഥകൾ ഉൾപ്പെടുത്തിയല്ല കരാർ ചമച്ചിട്ടുള്ളത്. 2017-18 ലും 2018-19ലും രണ്ട് നിരക്കിൽ സപ്ളൈ ചെയ്തു കാണുന്നു. മാത്രമല്ല 3 വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഇനത്തിൽ 15000/-രൂപ (3x5000) ചെക്ക് നമ്പർ 841071/30.3.19 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്.
4.പുഷ്പൻ കാരോത്ത് (വാർഡ് 1), മനോജ് അയ്യാനി (വാർഡ് 1), ഷാഹുൽഹമീദ്(വാർഡ് 18), ലിനിയ(വാർഡ് 18), അശോകൻ ചരുവിൽ (വാർഡ് 18), ഗോപിനാഥൻ കുരുവേലിൽ(വാർഡ് 18), അർജ്ജുൻ തൈവളപ്പിൽ(വാർഡ് 11), ഹരിദാസ് പൊരുമ്പുകാട്ടിൽ(വാർഡ്4) എന്നിവർക്കാണ് വാഹനം നൽകിയിട്ടുള്ളത്. ഇതിൽ അശോകൻ ചരുവിൽ, ഗോപിനാഥൻ കുരുവേലിൽ, ഹരിദാസ് പൊരുമ്പുകാട്ടിൽ എന്നിവർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ (14/8/17ലെ 3(6) പഞ്ചായത്ത് കമ്മറ്റി തീരുമാനം) ഉൾപ്പെട്ട് കാണുന്നില്ല.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ്എൻക്വയറി (8/20.11.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലിനേക്കാൾ അധികരിച്ച് നൽകിയ 57000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടു വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജകറ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| | 2011-12 | 47925 | എസ്.സി ഗാർഹിക കുടിവെള്ള കണക്ഷൻ | 0 | 47925 |
| | 2011-12 | 17026 | വേലുമാൻപ്പടി സൊസൈറ്റി റോഡ് 155/14 | 0 | 17026 |
| | 2018-19 | 100000 | 49/18 ഹരിത കേരളം നെൽകൃഷിക്ക് വിത്ത് വിതരണം | 100000 | 0 |
| | 2018-19 | 250000 | 9/18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | 2018-19 | 250000 | 125/19 ലൈഫ് മിഷൻ ഭവന പദ്ധതി | 250000 | 0 |
| | 2018-19 | 100000 | 115/19 ജയന്തിപടവിലെ കാടച്ചാൽ നിർമ്മാണം | | 100000 |
| | 2018-19 | 50000 | 35/19, ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 50000 | 0 |
| | | 814951 | | 650000 | 164951 |
| ജില്ലാ പഞ്ചായത്ത് | 2011-12 | 15650 | തിണ്ടാട്ട് കോളനി ഫില്ലിംഗ് മെറ്റലിംഗ് | 0 | 15650 |
| | 2011-12 | 17404 | തിണ്ടാട്ട് കോളനി റോഡ് | 0 | 17404 |
| | 2011-12 | 265189 | ചിറപ്പാടം കോളനി റോഡ് | 0 | 265189 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2012-13 | 38776 | വെണ്ണീറായ് കോളനി റോഡ് കോൺക്രീറ്റിംഗ് -48/13 | 0 | 38776 |
| | 2012-13 | 246000 | കോട്ടം ഹരിജൻ കോളനി റോഡ് | 0 | 246000 |
| | 2013-14 | 32470 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ 95/14 | 0 | 32470 |
| | 2013-14 | 30754 | അംബേദ്കർ കോളനി റോഡ് | 0 | 30754 |
| | 2015-2016 | 5200 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 5200 |
| | 2017-18 | 205000 | 154/18 ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം | 205000 | 0 |
| | 2017-18 | 422 | 166/18 വയോജനങ്ങൾക്ക് കട്ടിൽ | 422 | 0 (തിരിച്ചടച്ചു) |
| | 2017-18 | 200000 | 178/18 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | 200000 | 0 |
| | 2018-19 | 337208 | ലൈഫ് മിഷൻ ഭവന പദ്ധതി | 337208 | 0 |
| | 2018-19 | 250000 | ക്ഷീര കർഷകർക്ക് പാലളക്കുന്നതിന് സബ് സിഡി (35/19 ) | 250000 | 0 |
| | 2018-19 | 350000 | 38/19 പാലിയേറ്റീവ് കെയർ | 350000 | 0 |
| | 2018-19 | 400000 | 98/19 വൃദ്ധർക്ക് കട്ടിൽ | 400000 | 0 |
| | 2018-19 | 350000 | 9/18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| | 2018/19 | 50000 | 137/19 അഗതി രഹിത കേരളം ആശ്രയ ഭവന പുനരുദ്ധാരണം | 50000 | 0 |
| | 2018-19 | 90000 | 53/19 ഹരിത മിഷൻ -പച്ചക്കറി കൃഷി | 90000 | 0 |
| | 2018-19 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | 2018-19 | 500000 | 3/19 ബോട്ട് കടവ് റോഡ് നവീകരണം | 0 | 500000 |
| | 2018-19 | 1000000 | 187/19 CPWP | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| | | | അംഗൻവാടി നിർമ്മാണം | | |
| | 2018-19 | 500000 | 87/19 ഉദയ ഫാം റോഡ് | 450191 | 49809 |
| | 2018-19 | 1000000 | 184/19 വപ്പഴ അംഗൻ വാടി നിർമ്മാണം വാർഡ്-1 | 0 | 1000000 |
| | ആകെ | 5984073 | | 2782821 | 3201252 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1) വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 21601528<br>21601528 | 137400<br>108820 | 0<br>0 | 137400<br>108820 |
| “ | 2)പ്രോജക്ട് നം 144 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 21701566<br>21701358<br>21701375<br>21701472<br>21701470 | 614805<br>316250<br>183515<br>235<br>269765 | 0<br>0<br>0<br>0<br>0 | 614805(UCsubmitted)<br>316250(UCsubmitted)<br>183515(UCsubmitted)<br>235(UCsubmitted)<br>269765(UCsubmitted) |
| “ | 3) റി അലൈനിംങ്ങ് 74 M സിംഗിൾ ഫേസ് 2 to 3 wire OH line | 21801231 | 32806 | 0 | 32806(UCsubmitted) |
| | ആകെ (KSEB) | | | | 1663596 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം 29/16-17<br>പ്രോജക്ട് നം 83/16-17<br>പ്രോജക്ട് നം 229/16-17<br>പ്രോജക്ട് നം 230/16-17<br>പ്രോജക്ട് നം 183/17-18 | 21501493 | 200000<br>200000<br>90000<br>190000<br>1893000 | 0<br>0<br>0<br>1805990 | 200000<br>200000<br>90000<br>9401<br>1893000 (UCsubmitted) |
| | ആകെ | | | | 2492401 |

| | | | | | |
|---|---|---|---|---|---|
| FIT (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) | 1) പ്രോ.നം -198/18 (ഫ്രണ്ട് ഓഫീസ് സീലിംഗ്) | | 50000 | 0 | 50000 |
| | 2) പ്രോജക്റ്റ് നം 188/19 (ISO സർട്ടിഫിക്കേഷൻ & ഫ്രണ്ട് ഓഫീസ് സീലിംഗ്) | | 200000 | 0 | 200000 |
| | ആകെ | | | | 250000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി വായ്പാ തിരിച്ചടവ് | 885/10 LSGD 16.03.2010 | 7789431 | 962284 | 31782 (പലിശ 98132 ലഭിച്ചിട്ടില്ല ) | | 930502 |
| HUDCO | | 5060000 | | 280000 രൂപ തിരിച്ചടച്ചു | | 4780000 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 50000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50000 | |
| 6 | വർഷാവസാനം അവശേഷിക്കുന്നസ്ഥിര നിക്ഷേപത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു. | | തുക |
| | <u>സ്ഥിരനിക്ഷേപം</u> സ്ഥിരനിക്ഷേപ നമ്പർ 0023703 /4.9.14 പഴവിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സംഘം | | 50000 |

| | | | |
|---|---|---|---|
| | ആകെ | | 50000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2017-18 | 3(7) | 830 | ആൻറണി കെ.ആർ | 119030101900 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016/17 | 2.1 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 17.10.2019 തിയ്യതിയിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് മറുപടി നൽകിയിട്ടുണ്ട്. |
| 2015-16 | 2.3 | 2016/17 | 2.3.1, 2.3.2, 2.3.3, 2.3.4 | തൊഴിൽ നികുതി അപാകതകൾ | 17.10.2019 തിയ്യതിയിൽ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85748940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81016343 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 57000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1107553.75 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 57000 | ഗീത.വി ഐ സിഡിഎസ് സൂപ്പർവൈസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 682008 | ശ്രീ. എം.എഫ് , ജോസ്,സെക്രട്ടറി |
| 1-20 | 272000 | സുനിത .ടി.വി, അസി.സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-21 | 50000 | ഗീത.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-24 | 103545.75 | ഗീത.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1107553.75 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗീത.വി.എൻ. ഐ സിഡിഎസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചാഴൂർ ഗ്രാമപഞ്ചായത്ത് | തീയ്യത്തുപറമ്പിൽ വീട് പൊഞ്ഞനം.പി.ഒ കാട്ടൂർ |
| ശ്രീ. എം.എഫ് , ജോസ്, സെക്രട്ടറി | സെക്രട്ടറി, ചാഴൂർ ഗ്രാമപഞ്ചായത്ത് | മഠത്തിൽ പറമ്പിൽ വീട് പി .ഒ. പൊയ്യ. |
| സുനിത .ടി.വി, അസി.സെക്രട്ടറി , | അസി.സെക്രട്ടറി, ചാഴൂർ ഗ്രാമപഞ്ചായത്ത് | തോട്ടത്തിൽ വീട് |

| | | |
|---|---|---|
| | | തോട്ടത്തിൽ ലെയിൻ തൃശ്ശൂർ ഈസ്റ്റ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ടി9-57/84/ 23.2.1984 | 32 |
| 1981-82 | എൽ.എഫ്.ടി13-1721/85/ 7.11.1985 | 28 |
| 1982-83 | എൽ.എഫ്.ടി13-961/87/ 11.12.1987 | 31 |
| 1983-84 | എൽ.എഫ്.ടി.13-903/ 23.05.1989 | 26 |
| 1984-85 | എൽ.എഫ്.ടി13-1427/89/ 9.11.1999 | 18 |
| 1985-86 | എൽ.എഫ്.ടി13-901/99/ 20.5.1991 | 39 |
| 1986-87<br>1987-88 | എൽ.എഫ്.ടി13-999/91/ 20.05.91 | 33 |
| 1988-89<br>1989-90 | എൽ.എഫ്.ടി13-965/94/ 20.07.94 | 22 |
| 1990-91 | എൽ.എഫ്.ടി13- 490/93/ 25.10.93 | |
| 1992-93<br>1993-94 | എൽ.എഫ്.ടി13- 303/95/ 08.06.96 | |
| 1994-95 | എൽ.എഫ്.ടി13-1808/96/ 30.05.97 | |
| 1995-96, 96-97 | എൽ.എഫ്.ടി13-904/98/ 08.10.98 | |
| 1997-98 ചെലവ് | എൽ.എഫ്.ടി13-923/98/ 10.08.99 | |
| 97-98 വരവ് | എൽ.എഫ്. ടി.11- 852/05/ 16.09.2005 | |
| 1998-99 ചെലവ് | എൽ.എഫ്.ടി15-1695/2000/ 16.02.01 | |
| 1998-99 വരവ് | എൽ.എഫ്.ടി11-1915/05/ 10.10.05 | |
| 1999-2000 ചെലവ് | എൽ.എഫ്.ടി.11-918/03/ 01.03.04 | |
| 1999-2000 വരവ് | എൽ.എഫ്.ടി.11-1916/05/ 10.10.05 | |
| 2000-01, 2001-02 പദ്ധതി | എൽ.എഫ്.ടി.11-1530/03/ 31.07.04 | |
| 2000-01 വരവ് | എൽ.എഫ്.ടി.11-1917/07 10.10.08 | |

| | | |
|---|---|---|
| ചെലവ് | | |
| 2001-02 | എൽ.എഫ്.ടി.11-2114/07/ 27.12.08 | |
| 2002-03 | എൽ.എഫ്.ടി.11-2115/07/ 27.12.08 | |
| 2003-04 | എൽ.എഫ്.ടി.11-2116/07/ 27.12.08 | |
| 2004-05 | എൽ.എഫ്.ടി.11-135/09 01.07.2010 | |
| 2005-06 | എൽ.എഫ്.ടി.11-1556/09/ 09.07.10 | |
| 2006-07 | എൽ.എഫ്.ടി.11- 1557/09/ 09.07.10/ 08.11.10 | |
| 2007-08 | എൽ.എഫ്.ടി.പി.9-192/11/ 02.06.11 | |
| 2008-09 2009-10 2010-11 | എൽ.എഫ്.ടി.പി.2-1476/12/ 05.02.13/ 15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-216/13/ 09.09.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-85/14/ 06.06.14/ 16.08.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.2-181/16 തി. 15.2.16 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.2-181/16 തി.15.2.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.2-2169/16 തി. 06.01.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.2-1623/17/27.11.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി.2-595/19/07.6.19 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ